# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1464 03.12.2015 ലെ മറുപടിയ്ക്ക്

## അങ്ങാടിപ്പുറം റെയിൽവെ മേൽപ്പാലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അങ്ങാടിപ്പുറം റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും ? | (എ) അങ്ങാടിപ്പുറം റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. റെയിൽവേയ്ക്ക് മുകളിലുള്ള ഭാഗം റെയിൽവെ നേരിട്ടാണ് നിർമ്മിക്കുന്നത്. ആർ.ബി.ഡി.സി.കെ നിർമ്മിക്കേണ്ട 56 പൈലുകളിൽ 56 എണ്ണവും, 18 പിയർ ക്യാപുകളിൽ 17 എണ്ണവും, 16 തൂണുകളിൽ 16 എണ്ണവും, 2 അബട്ട്മെന്റുകളിൽ 1 എണ്ണവും, 18 സ്ലാബുകളിൽ 7 എണ്ണവും ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വീസ് റോഡുകളുടെ നിർമ്മാണം 70 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവേയ്ക്കു മുകളിലുള്ള സ്പാനിനോട് ചേർന്നുള്ള 2 സ്പാനുകൾ ഒഴികെയുള്ള 16 സ്പാനുകളും 2016 ജനവരി 31-ാം തീയതിക്കു മുൻപായി തീർക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഈ രണ്ട് സമീപ സ്പാനുകൾ റെയിൽവേയ്ക്കു മുകളിലുള്ള ഭാഗം പൂർത്തിയാക്കിയതിനു ശേഷം മാത്രമേ നിർമ്മിക്കാൻ കഴിയുകയുള്ളൂ. |

Sd/-

സെക്ഷൻ ഓഫീസർ